**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4899** 14-03-2023 - ൽ മറുപടിയ്ക്ക്

**റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016-2021 കാലയളവിലും ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെയും എത്ര കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ? | (എ) | **നിരത്ത് വിഭാഗം** -2016-2021 കാലയളവിലും ഈ സർക്കാർ അധികാരമേറ്റതിനു ശേഷവും നാളിതുവരെ **76.328 കി.മീ** റോഡുകൾ പുതുതായി നിർമ്മിക്കുകയും, **12675.56 കി.മീ.** റോഡുകൾ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>**കെ.ആർ.എഫ്.ബി (പി.എം.യു)**<br><br>2016-2021 കാലയളവിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെയും കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി പി.എം.യു വിന്റെ അധീനതയിൽ 869.164 കി.മീ റോഡുകൾ പുതുതായി ബി.എം.ബി സി നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്.<br><br>**കെ.ആർ.എഫ്.ബി**<br><br>സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.23/2014/ പൊമവ തീയതി.26.02.2014 പ്രകാരം 37.305 കി.മീ റോഡിന്റെ വികസനത്തിന് വേണ്ടി 254.32 കോടിയുടെ ഭരണാനുമതി നല്കിയിരുന്നു. നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിൽ ഘട്ടം 1(എ)-ൽ 22.251 കി.മീ. നീളത്തിലുള്ള 6 റോഡുകളുടെ വികസനം ബി.ഒ.റ്റി-ആന്വിറ്റി അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ M/s.ULCCS Calicut City Infrastructure Development Pvt.Ltd. ഏറ്റെടുത്ത് നടപ്പിലാക്കി. 05.01.2016-ൽ ആരംഭിച്ച പദ്ധതി 15.12.2017-ൽ നിർമ്മാണ കാലയളവിന് മുമ്പ് തന്നെ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞു.<br><br>രണ്ട് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കിയത്. ആദ്യഘട്ടത്തിലെ റോഡ് നിർമ്മാണം 01.09.2017-ലും രണ്ടാം ഘട്ടത്തിലെ റോഡ് നിർമ്മാണം 15.12.2017-ലും പൂർത്തിയാക്കി. |

നിലവിൽ പദ്ധതി 15 വർഷത്തെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് കാലഘട്ടത്തിലാണ്. ഇപ്രകാരം വികസിപ്പിച്ച റോഡുകൾ അനുബന്ധമായി ചേർക്കുന്നു.

**<u>ദേശീയപാതാ വിഭാഗം</u>**

ദേശീയപാതാ വിഭാഗത്തിനു കീഴിൽ പുതുതായി നിർമ്മിച്ചിട്ടുള്ള **14.8 കി.മീ** റോഡുകളുണ്ട്. 2016-21 കാലയളവിൽ സി.ആർ.എഫ് ഉം സ്റ്റേറ്റ് ഫണ്ടും ഉപയോഗിച്ച് ബി.എം. ആന്റ് ബി.സി നിലവാരത്തിൽ **865.00 കി.മീ.റോഡ്** അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സി.ആർ.എഫ്. ഉം സ്റ്റേറ്റ് ഫണ്ടും ഉപയോഗിച്ച് **404.7 കി.മീ** റോഡ് അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്.

**<u>കെ.എസ്.ടി.പി</u>**

ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ 24 റോഡുകളിലായി ആകെ **495.817 കി.മീ.** ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2016-21 കാലയളവിൽ കെ.എസ്.റ്റി.പി വഴി ആകെ **293.103 കി.മീ** റോഡുകൾ പുനരുദ്ധരിച്ചു.

**<u>റിക്ക്</u>**

റിക്ക് ലിമിറ്റഡിന്റെ കീഴിൽ വരുന്ന സംസ്ഥാന റോഡ് വികസന പദ്ധതി പ്രകാരമുള്ള രണ്ട് പ്രോജക്ടുകൾ DBFMT PPP Annuity വ്യവസ്ഥയിലാണ് ഉള്ളത്. പാക്കേജ് എ- കാസർഗോഡ് ജില്ലയിലെ ഉപ്പള-കനിയാന റോഡ് (15.6 കി.മീ), വിദ്യാനഗർ-സീതംഗോളി റോഡ് (9.4 കി.മീ), പാക്കേജ്-ബി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ് (36.1 കി.മീ), തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്-ചെറ്റച്ചൽ (21.9 കി.മീ) ആകെ-83 കി.മീ റോഡുകൾ 2017-18 കാലളയളവിൽ DBFMT Annuity വ്യവസ്ഥയിൽ പൂർത്തീകരിച്ചിട്ടുള്ളതും, നിലവിൽ ഈ റോഡുകൾ പ്രവർത്തന പരിപാലന കാലയളവിലുമാണ്.

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | റോഡ് വികസന പദ്ധതിയുടെ പേര് | നീളം (കി.മീ) |
|---|---|---|
| 1. | സ്റ്റേഡിയം– പുതിയറ | 0.644 |
| 2. | കാരപ്പറമ്പ്-ഇരഞ്ഞിപ്പാലം & അരയിടത്തു പാലം– കല്ലുത്താൻ കടവ് | 4.526 |
| 3. | വെള്ളിമാട്കുന്ന്-കോവൂർ | 2.735 |
| 4. | ഗാന്ധിറോഡ്-മിനി ബൈപ്പാസ്-കുനിയിൽക്കാവ്-മാവൂർ റോഡ് ജംഗ്ഷൻ | 3.435 |
| 5. | പനാത്ത് താഴം– സി.ഡബ്ല്യു.ആർ.ഡി.എം. | 8.459 |
| 6. | പുഷ്പ ജംഗ്ഷൻ– മാങ്കാവ് ജംഗ്ഷൻ | 2.452 |
| **ആകെ** | | **22.251** |